റേഷൻ കടകളം വഴി വിതരണം ചെയ്യുന്ന പാമോലിൻ

*7 [205] ശ്രീ. കെ. ഇ. ഇസ്മയിൽ:
,, കെ. പി. പ്രഭാകരൻ:
,, കെ. ടി. കുണാരൻ:
,, കെ. ആർ. ചന്ദ്രമോഹനൻ:

Dr. A. Subba Rao: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1985 സെപ്റ്റംബർ 1-ാം തീയതി വരെ എത്ര പാമോലിൻ സ്റ്റോക്കുണ്ട്;

(ബി) ഇപ്പോൾ കാർഡ് ഒന്നിന് എത്ര കിലോ പാമോലിൻ നൽകുന്നുണ്ട്;

(സി) ഈ നിരക്കിന് എല്ലാ റേഷൻകാർഡുകാർക്കും നൽകത്തക്ക വിധം ഇപ്പോൾ സ്റ്റോക്കുണ്ടോ;

(ഡി) കിലോഗ്രാമിന് വില എന്താണ്;

(e) Whether Palmoline is being supplied regularly to the retail ration shops to distribute it to the public;

(f) Whether the Government have received any complaint that the Palmoline was not being distributed to the ration card holders regularly;

(g) If so what steps have the Government taken for the proper distribution?

ഭക്ഷ്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. യു. എ. ബീരാൻ):

(എ) 1-9-1985-ൽ 2144 മെട്രിക് ടൺ സ്റ്റോക്കുണ്ട്.

(ബി) നഗരപ്രദേശങ്ങളിൽ കാർഡൊന്നിന് 2 കിലോഗ്രാമും മറ്റു സ്ഥലങ്ങളിൽ 1 കിലോഗ്രാമും വീതം നൽകണമെന്നാണ് നിർദ്ദേശം.

(സി) ഇല്ല. അതിന് 5000 മെട്രിക് ടൺ വേണം. സെപ്റ്റംബറിലെ അലോട്ടുമെന്റ് 3750 മെട്രിക് ടണ്ണാണ്.

(ഡി) 11 രൂപ 50 പൈസ.

(e) The distribution through Ration shops is made wherever stock position permits.

(f) No.

(g) Does not arise in view of the answer against the question (f) above.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. ഇ. ഇസ്മയിൽ: ഇവിടെ പട്ടണപ്രദേശങ്ങളിൽ രണ്ടുകിലോ ഗ്രാമും നാട്ടുമ്പുറങ്ങളിൽ ഒരു കിലോഗ്രാമും കൊടുക്കാനാണ് തീരുമാനിച്ചിട്ടുള്ളതെന്ന് മന്ത്രി പറഞ്ഞു. എന്നാൽ റേഷൻ ഷോപ്പുകൾവഴിക്കൂടി വിതരണം ചെയ്യുന്ന പാമോലിൻ ടിന്നുകളിൽ ഒരു കി. ഗ്രാമിനേയും 5 കി. ഗ്രാമിനേയും ടിന്നുകളും ഇല്ലാത്തതുകൊണ്ട് 10 കിലോ ടിന്നുകളും സാധാരണക്കാരനു വാങ്ങാൻ ബുദ്ധിമുട്ടുണ്ട്. ഈ സാഹചര്യത്തിൽ പാമോലിൻ മൊത്തമായി റേഷൻ ഷോപ്പുകാർ വില്ക്കുന്നുവെന്ന പരാതി ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ? അങ്ങനെ എന്തെങ്കിലും നടപടികളും എതെങ്കിലും പ്രദേശങ്ങളിൽ എടുക്കേണ്ടതായി വന്നിട്ടുണ്ടോ?

ശ്രീ. യു. എ. ബീരാൻ: 4 അഞ്ചു കിലോഗ്രാം ടിന്നുകളെപ്പറ്റി ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത്, അത് റേഷൻ ഷോപ്പുമുഖാന്തിരമല്ല കൊടുക്കുന്നത്, മാവേലി സ്റ്റോറിലൂടെയും സൂപ്പർമാർക്കറ്റിലൂടെയും മറ്റുമാണ് കൊടുക്കുന്നത് എന്നാണ്. ഒരു പരാതി ഇതിനെ സംബന്ധിച്ച് ലഭിച്ചിട്ടുണ്ട്. ആ പരാതിയെ സംബന്ധിച്ച് നടപടി എടുക്കുന്നുണ്ട്.

ശ്രീ. കെ. ഇ. ഇസ്മയിൽ: 11.50 രൂപയാണ് ഒരു കിലോ പാമോലീന്റെ വിലയെന്നു പറഞ്ഞു. ഇപ്പോൾ നാളികേരത്തിന്റെ വിലയിടിവിന്റെ ഫലമായി, പാമോലിൻ ഉപയോഗിക്കുന്നതിൽ നിന്നും ആളുകൾ പുറകോട്ടുപൊയ്ക്കൊണ്ടിരിക്കുകയാണ്. ഈ സാഹചര്യത്തിൽ കഴിഞ്ഞ കാലത്ത് കൊടുത്തിരുന്ന വിലയിലേക്ക് ചുരുക്കി കൊടുക്കാനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ശ്രീ. യു. എ. ബീരാൻ: വില കുറച്ചുകൊടുക്കുവാൻ കഴിയുകയില്ല. ഇൻഡ്യാഗവൺമെന്റ് കൂടി നിർദ്ദേശിച്ച രീതിയിലുള്ള വിലയാണ് നിശ്ചയിച്ചിട്ടുള്ളത്.

ശ്രീ. കെ. പി. പ്രഭാകരൻ: 11.50 രൂപയ്ക്ക് കൊടുക്കണം എന്ന് ഇൻഡ്യാഗവൺമെന്റ് നിർദ്ദേശിച്ചുവെന്നാണോ പറയുന്നത്. ഇൻഡ്യാഗവൺമെന്റ് നിർദ്ദേശിക്കാതെതന്നെ പാമോലിന് രണ്ടുരൂപ വില വർദ്ധിപ്പിച്ചുകൊണ്ട് ഗവൺമെന്റ് ഒരു ഓർഡർ ഇഷ്യൂ ചെയ്തിരുന്നു. ഇപ്പോൾ വെളിച്ചെണ്ണയുടെ വില കുറഞ്ഞ സാഹചര്യത്തിൽ രണ്ടുരൂപ അഡീഷണൽ ആയിട്ട് ചുമത്തിയത് എടുത്തുകളയാൻ തയ്യാറാകുമോ?

ശ്രീ. യു. എ. ബീരാൻ: അത് ഇൻഡ്യാഗവൺമെന്റിന്റെ നിർദ്ദേശമാണ്. മലേഷ്യയിൽ നിന്നും ഇംപോർട്ടുചെയ്യുന്ന പാമോലിനാണ് ഇൻഡ്യാഗവൺമെന്റ് നമുക്ക് സപ്ലൈ ചെയ്യുന്നത്. ഇൻഡ്യാഗവൺമെന്റ് അതിന് ചില ക്രൈറ്റീരിയ വച്ചിട്ടുണ്ട്. അതനുസരിച്ചായിരുന്നു വില നിശ്ചയിച്ചിട്ടുള്ളത്. 12 രൂപയ്ക്കാണ് ആദ്യം വിറ്റിരുന്നത്. അതിൽ 50 പൈസ കുറച്ചിരിക്കുകയാണ്. ഇപ്പോൾ 11.50 രൂപയ്ക്ക് കൊടുക്കുന്നു.

ശ്രീ. കെ. പി. പ്രഭാകരൻ: സിവിൽ സപ്ലൈസ് കോർപ്പറേഷന് എന്തു മാർജിൻ കിട്ടുന്നു?

ശ്രീ. യു. എ. ബീരാൻ: ലഘുപായിട്ടുള്ള മാർജിൻ മാത്രമേയുള്ളൂ.

ശ്രീ. കെ. ടി. കുണാരൻ: ഉൾനാടൻ പ്രദേശങ്ങളിൽ നിരവധി റേഷൻ ഷോപ്പുകളിൽ പാമോലിൻ വിതരണം ചെയ്യുന്നില്ലായെന്നുള്ള വല്ല പരാതിയും ലഭിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ നിശ്ചിതമായ കാട്ട അനുസരിച്ച് തന്നെ അവർക്ക് വിതരണം ചെയ്യുന്നതിന് പ്രത്യേകം നിർദ്ദേശം കൊടുക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. യു. എ. ബീരാൻ: കാലാകലേങ്ങളിൽ അതിനുവേണ്ടുന്ന നിർദ്ദേശം നൽകുന്നുണ്ട്. എന്തെങ്കിലും മേഖലയിൽ അത് പാലിക്കാതയുണ്ടെങ്കിൽ കർശനമായ നടപടികളും എടുക്കുന്നതിന് നിർദ്ദേശം കൊടുത്തിട്ടുണ്ട്.

ശ്രീ. കെ. ടി. കുണാരൻ: ഇലക്ട്രിഫൈ ചെയ്ത വീടുകൾക്ക് ഒരു ലിറ്റർ മണ്ണെണ്ണയാണ് ഇപ്പോൾ കൊടുക്കുന്നത്. നിരവധി സ്ഥലങ്ങളിൽ വോൾട്ടേജ് കുറവുള്ളതിന്റെ ഫലമായിട്ട് വാസ്തവത്തിൽ ഇലക്ട്രിഫൈഡ് എന്നു മാത്രമേയുള്ളൂ, കറണ്ട് ഇല്ല. അതുകൊണ്ട് ഇലക്ട്രിഫൈ ചെയ്ത വീടുകളിൽ കൊടുക്കുന്ന ഒരു ലിറ്റർ മണ്ണെണ്ണ എന്നുള്ളത് വർദ്ധിപ്പിക്കുന്നതിനെപ്പറ്റി ആലോചിക്കുമോ?

ശ്രീ. യു. എ. ബീരാൻ: ഇൻഡ്യാഗവൺമെന്റ് മാസാമാസം നൽകുന്ന മണ്ണെണ്ണ ഏതെല്ലാം ആവശ്യത്തിനുപയോഗിക്കണമെന്ന് കർശനമായി നിർദ്ദേശം നൽകിയിരിക്കുകയാണ്. ഇലക്ട്രിഫൈഡ് വീടിന് ഇത്ര, നോൺ ഇലക്ട്രിഫൈഡ് വീടിന് ഇത്ര എന്ന് നിർദ്ദേശം ഉണ്ട്. അതനുസരിച്ച് മാത്രമേ വിതരണം ചെയ്യാവൂ.

Dr. A. Subba Rao: Sir, Two Kgs. of Palmoleine was given in urban areas and one Kg. in the rural areas. May I know what is the reason for the discrimination of reducing it to the rural areas?

Minister for Civil Supplies (**Sri U. A. Beeran**): Sir, There is no question of discrimination. In urban areas they want it more, because it is very difficult to get other sort of edible oil. That is why this decision is taken.

Dr. A. Subba Rao: May I know whether the Department has got any Agency to check up whether the Palmoleine that is being given to the Ration Shops are properly distributed and if not take some action against them?

Shri U. A. Beeran: There are Rationing Inspectors and other Agencies to check it up?

ശ്രീ. തച്ചടി പ്രഭാകരൻ: ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞതനുസരിച്ച് മാസത്തിൽ 5000 ടൺ പാമോലിൻ ഇറക്കുമതി ചെയ്യുന്നുണ്ട്. കേരളത്തിലെ പ്രത്യേകമായ സാഹചര്യത്തിൽ പാമോലിൻ ഇറക്കുമതി ചുരുക്കിക്കൊണ്ട് വെളിച്ചെണ്ണ റേഷൻ ഷോപ്പ് വഴിക്ക് കൊടുക്കുന്നതിനുള്ള നടപടികളും സ്വീകരിക്കുമോ?

ശ്രീ. യു. എ. ബീരാൻ: അതിനുവേണ്ടിയുള്ള വെളിച്ചെണ്ണ കിട്ടാനില്ല. കോക്കനട്ട് കോംപ്ലക്സിന്റെ വെളിച്ചെണ്ണ റേഷൻ ഷോപ്പ് വഴിക്ക് കൊടുക്കുന്നുണ്ട്.

ശ്രീ. ഇ. കെ. നായനാർ: 8 രൂപയായിരുന്നു പാമോലിന്റെ നേരത്തെയുള്ള വില. സെൻട്രൽ ഗവൺമെന്റ് അത് 10 രൂപയായി വർദ്ധിപ്പിച്ചു എന്നാണ് തോന്നുന്നത്. ഇപ്പോൾ 11.50 രൂപയാണ്. അത് എങ്ങനെ വന്നുവെന്നാണ് മനസ്സിലാകാത്തത്.

ശ്രീ. യു. എ. ബീരാൻ: പാമോലിന് നേരത്തെ വിലക്കുറവുണ്ടായിരുന്നു. മലേഷ്യയിൽ വിലകൂടിയതുകൊണ്ടാണ് ഇവിടെയും വില വർദ്ധിപ്പിക്കേണ്ടി വന്നത്.

LIBRARY ARCHIVES Kerala Legislative Assembly